## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3545 | | | 11.12.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **പ്രളയാനന്തരം മാലിന്യ നിർമ്മാർജ്ജനം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | പ്രളയദുരന്തത്തിനുമുമ്പ് ഉപയോഗ പ്രദമായിരുന്നതും പിന്നീട് ഉപയോഗ ശൂന്യമായതുമായ വീട്ടുപകരണങ്ങൾ, പൊളിഞ്ഞുവീണ കെട്ടിട അവശിഷ്ടങ്ങൾ, പ്രളയത്തിൽ നശിച്ച മരങ്ങളും അവശിഷ്ടങ്ങളും വാഹനങ്ങൾ എന്നിവയുടെ നിർമ്മാർജനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രളയബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. പ്ലാസ്റ്റിക്, കുപ്പി, ബാഗ്, ചെരുപ്പ്, പ്ലാസ്റ്റിക് നിർമ്മിത കളിപ്പാട്ടങ്ങൾ, റബ്ബർ, ചില്ലുകുപ്പികൾ, റക്സിൻ, തുണി, മെത്ത, തലയിണ എന്നിവയാണ് പ്രധാനമായും ക്ലീൻ കേരള കമ്പനി മുഖേന ശേഖരിച്ച് സംസ്കരണത്തിന് കൈമാറിയിട്ടുള്ളത്. പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടാവശിഷ്ടങ്ങളും മരങ്ങളും മറ്റും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനഫലമായി ഉണ്ടായ പാക്കിംഗ് വേസ്റ്റുൾപ്പെടെയുള്ള മാലിന്യങ്ങളുടെ സംസ്കരണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ദുരിതാശ്വാസ ക്യാമ്പുകളിലും, കളക്ഷൻ പോയിന്റുകളിലും വരുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സ്റ്റോറേജ് സൗകര്യങ്ങൾ കണ്ടെത്തി പിന്നീട് അവ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലെത്തിച്ച് പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ക്ലീൻ കേരള കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ക്ലീൻ കേരള കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ ഉണ്ടായിരുന്ന പാക്കിംഗ് വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിക്കുകയും ഇവയിൽ പുനഃചംക്രമണയോഗ്യമായവ റീസൈക്ലിംഗ് ഏജൻസികൾക്കും ബാക്കിയുള്ളവ ശാസ്ത്രീയമായ ലാന്റ് ഫില്ലിംഗിനുമായി കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രളയസമയത്ത് ഉപയോഗശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് ഇ-മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിന് ക്ലീൻകേരള കമ്പനിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രളയക്കെടുതിയെ തുടർന്നു വർദ്ധിച്ച തോതിൽ മാലിന്യം അടിഞ്ഞുകൂടിയ സാഹചര്യത്തിൽ ക്ലീൻ കേരള കമ്പനിയ്ക്കു പുറമേ ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഗ്രീൻ വേംസ് എക്കോ |

| | | | |
|---|---|---|---|
| | | | സൊല്യൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആല്ലംതുരുത്തി പി.ഒ., തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്, നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ളിംഗ് ഇൻഡസ്ട്രിയൽ അസോസി യേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചൻസ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടെ സേവനം കൂടി ഈ ആവശ്യത്തിലേയ്ക്ക് പ്രയോജനപ്പെടുത്തിയിരുന്നു. കൂടാതെ, അജൈവ മാലിന്യ സംസ്കരണത്തിന് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ സേവനം കൂടി ആവശ്യമെങ്കിൽ ഉൾപ്പെടുത്തുവാൻ നിർദേശം നൽകിയിരുന്നു. |
| (ഡി) | മാലിന്യ നിർമ്മാർജനത്തിൽ ഏതൊക്കെ ഏജൻസികൾ സഹകരിച്ചുവെന്നും പൊതുജന പങ്കാളിത്തം എത്രമാത്രം സഹായകരമായിരുന്നെന്നും വിശദമാക്കുമോ? | (ഡി) | വർദ്ധിച്ച തരത്തിലുള്ള പൊതുജന പങ്കാളിത്തത്തോടൊപ്പം ക്ലീൻ കേരള കമ്പനി, ഹരിത സഹായ സ്ഥാപനങ്ങൾ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഗ്രീൻ വേംസ് എക്കോ സൊല്യൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആല്ലംതുരുത്തി പി.ഒ., തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്, നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ളിംഗ് ഇൻഡസ്ട്രിയൽ അസോസി യേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചൻസ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സേവനങ്ങൾ അജൈവ മാലിന്യ സംസ്കരണത്തിന് ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ